compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഓഗസ്റ്റ് 11
**Tuesday, 11th August 2026**

1201 കർക്കടകം 26
**26th Karkadakam 1201**

1948 ശ്രാവണം 20
**20th Sravana 1948**

വാല്യം 15
**Vol. XV**

നമ്പർ
**No.** } **32**

## Part III

## Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(1)

നമ്പർ ഒ. 1552/2026/കെഡിസ്. 2026 ജൂലൈ 18.

വിഷയം:—മലബാർ ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം നമ്പർ എസ് 516—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ കാസറഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കാസറഗോഡ് യൂണിറ്റ് ഇൻസ്പെക്ടറുടെ 30-9-2025-ലെ 396/2025/കെ നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 2-2-2026-ലെ ഇതേ നമ്പർ നോട്ടീസ്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 13-10-2025-ലെ 16/2025/ഐഐ നമ്പർ കത്ത്.

മലബാർ ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം നമ്പർ എസ് 516, 11-3-2014-ൽ രജിസ്റ്റർ ചെയ്യുകയും 21-3-2014-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ ചീഫ് പ്രൊമോട്ടറുടെ നേതൃത്വത്തിൽ പ്രാഥമിക പൊതുയോഗം ചേർന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അവസാനമായി സംഘത്തിൽ തെരഞ്ഞെടുപ്പ് നടത്തിയത് 2014-19 വർഷത്തേക്കാണ്. കാലാവധി അവസാനിച്ചത് 17-8-2019-ൽ ആണ്.

പ്രസ്തുത ഭരണ സമിതിയുടെ കാലാവധി അവസാനിച്ചതിന് ശേഷം സംഘത്തിന്റെ പ്രവർത്തനത്തിനായി പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്നുള്ള കാലയളവിൽ സംഘത്തിൽ ഭരണ സമിതിയോ അഡ്മിനിസ്ട്രേറ്റ് കമ്മിറ്റിയോ ചാർജെടുത്തിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തനരഹിതമാണെന്നും, നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളൊന്നും തന്നെ ഏറ്റെടുത്ത് നടത്തിയിട്ടില്ലെന്നും, സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്നും സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡ് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്ന് കൊണ്ട് പോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71(1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം മേൽനടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ അവസാന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ കാസറഗോഡ് എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ആരും തന്നെ യാതൊരു ആക്ഷേപമോ, അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

1. മലബാർ ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം നമ്പർ എസ് 516 കേരള സഹകരണ നിയമം 71(1)-ാം വകുപ്പ് പ്രകാരം കാസറഗോഡ് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ, കാസറഗോഡ് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.
2. ലിക്വിഡേറ്റർ 72 (2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും, സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2)

നമ്പർ ഒ. 1554/2025/കെഡിസ്. 2026 ജൂലൈ 20.

<u>വിഷയം</u>:—ചെർക്കള ബേർക്ക ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം നമ്പർ എസ്-480—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

<u>സൂചന</u>:—(1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ കാസറഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ചെമ്മനാട് യൂണിറ്റ് ഇൻസ്പെക്ടറുടെ 30-9-2025-ലെ 394/2025/സി നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 23-1-2026-ലെ ഇതേ നമ്പർ നോട്ടീസ്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കാസറഗോഡിന്റെ 13-10-2025-ലെ 16/2025/ഐ നമ്പർ കത്ത്.

ചെർക്കള, ബേർക്ക ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം നമ്പർ എസ് - 480, 18-10-2012-ൽ രജിസ്റ്റർ ചെയ്യുകയും 22-11-2012-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ ചീഫ് പ്രൊമോട്ടറുടെ നേതൃത്വത്തിൽ പ്രാഥമിക പൊതുയോഗം ചേർന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അവസാനമായി സംഘത്തിൽ തെരഞ്ഞെടുപ്പ് നടത്തിയത് 2018-2023 വർഷത്തേക്കാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത ഭരണ സമിതിയുടെ കാലാവധി അവസാനിച്ചതിന് ശേഷം സംഘത്തിന്റെ പ്രവർത്തനത്തിനായി പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്നുള്ള കാലയളവിൽ സംഘത്തിൽ ഭരണസമിതിയോ അഡ്മിനിസ്ട്രേറ്റ് കമ്മിറ്റിയോ ചാർജെടുത്തിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തനരഹിതമാണെന്നും, നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളൊന്നും തന്നെ ഏറ്റെടുത്ത് നടത്തിയിട്ടില്ലെന്നും, സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്നും സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡ് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്ന് കൊണ്ട് പോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71 (1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം മേൽനടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ അവസാന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ കാസറഗോഡ് എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ആരും തന്നെ യാതൊരു ആക്ഷേപമോ, അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

1. ചെർക്കള ബേർക്ക് ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം നമ്പർ എസ് - 480 കേരള സഹകരണ നിയമം 71(1)-ാം വകുപ്പ് പ്രകാരം കാസറഗോഡ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ ചെമ്മനാട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.
2. ലിക്വിഡേറ്റർ 72(2) വകുപ്പ് പ്രകാരം സംഘത്തിൻറെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും, സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് (ഒപ്പ്)
രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, കാസറഗോഡ്. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(1)

നമ്പർ ഒ. 1330/2025/കെഡിസ്. 2026 ജൂലൈ 7.

വിഷയം:—വെള്ളരിക്കുണ്ട് പ്രൈമറി അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 399—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ വെള്ളരിക്കുണ്ട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ വെള്ളരിക്കുണ്ട് ഓഫീസ് ഇൻസ്പെക്ടറുടെ 18-6-2024-ലെ 135/2024/ഒഐ നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 5-1-2026-ലെ ഇതേ നമ്പർ നോട്ടീസ്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), വെള്ളരിക്കുണ്ട്-ന്റെ 24-6-2024-ലെ 135/2024/ഒഐ നമ്പർ കത്ത്.

വെള്ളരിക്കുണ്ട് പ്രൈമറി അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 399 12-8-2007-ൽ രജിസ്റ്റർ ചെയ്യുകയും 12-8-2007-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ ചീഫ് പ്രൊമോട്ടറുടെ നേതൃത്വത്തിൽ പ്രാഥമിക പൊതുയോഗം ചേർന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അവസാനമായി സംഘത്തിൽ തെരഞ്ഞെടുപ്പ് നടത്തിയത് 2008-13 വർഷത്തേക്കാണ്.

പ്രസ്തുത ഭരണ സമിതിയുടെ കാലാവധി അവസാനിച്ചതിന് ശേഷം സംഘത്തിന്റെ പ്രവർത്തനത്തിനായി പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്നുള്ള കാലയളവിൽ സംഘത്തിൽ ഭരണ സമിതിയോ അഡ്മിനിസ്ട്രേറ്റ് കമ്മിറ്റിയോ ചാർജ്ജെടുത്തിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തനരഹിതമാണെന്നും, നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളൊന്നും തന്നെ ഏറ്റെടുത്തു നടത്തിയിട്ടില്ലെന്നും, സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്നും സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം വെള്ളരിക്കുണ്ട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്ന് കൊണ്ട് പോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71(1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്ത പക്ഷം മേൽനടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ അവസാന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ ഹോസ്ദുർഗ്ഗ് എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും ആരും തന്നെ യാതൊരു ആക്ഷേപമോ, അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

1. വെള്ളരിക്കുണ്ട് പ്രൈമറി അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 399 കേരള സഹകരണ നിയമം 71(1)-ാം വകുപ്പ് പ്രകാരം വെള്ളരിക്കുണ്ട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ വെള്ളരിക്കുണ്ട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

2. ലിക്വിഡേറ്റർ 72 (2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും, സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2)

നമ്പർ ഒ. 756/2025/കെഡിസ്.

2026 ജൂലൈ 22.

വിഷയം:—പിലിക്കോട് അഗ്രികൾച്ചറൽ റിസർച്ച് എംപ്ലോയീസ് സഹകരണസംഘം ക്ലിപ്തം നമ്പർ സി. 294—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്— സംബന്ധിച്ച്.

സൂചന:—(1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ തൃക്കരിപ്പൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ 24-1-2026-ലെ 607/2025/UI(I) നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ആഫീസിലെ 1-6-2026-ലെ ഇതേ നമ്പർ നോട്ടീസ്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഹോസ്ദുർഗ്ഗ്-ന്റെ 16-3-2026-ലെ 607/2025/ ഒഐ നമ്പർ കത്ത്.

പിലിക്കോട് അഗ്രികൾച്ചറൽ റിസർച്ച് എംപ്ലോയീസ് സഹകരണസംഘം ക്ലിപ്തം നമ്പർ സി. 294 12-8-2007-ൽ രജിസ്റ്റർ ചെയ്യുകയും 12-8-2007-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ ചീഫ് പ്രൊമോട്ടറുടെ നേതൃത്വത്തിൽ പ്രാഥമിക പൊതുയോഗം ചേർന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അവസാനമായി സംഘത്തിൽ തെരഞ്ഞെടുപ്പ് നടത്തിയത് 2018-2023 വർഷത്തേക്കാണ്. പ്രസ്തുത ഭരണ സമിതിയുടെ കാലാവധി 29-8-2023-ന് അവസാനിച്ചിരുന്നു.

പ്രസ്തുത ഭരണ സമിതിയുടെ കാലാവധി അവസാനിച്ചതിന് ശേഷം സംഘത്തിന്റെ പ്രവർത്തനത്തിനായി തുടർന്നുള്ള കാലയളവിൽ സംഘത്തിൽ 3 അംഗ അഡ്മിനിസ്ട്രേറ്റീവ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കമ്മറ്റിയെ നിയോഗിച്ചിരുന്നു. എന്നാൽ പ്രസ്തുത അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയംഗങ്ങൾ യോഗം ചേർന്ന് തുടർനടപടികൾ ഒന്നും തന്നെ സ്വീകരിച്ചിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തനരഹിതമാണെന്നും, നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളൊന്നും തന്നെ ഏറ്റെടുത്തു നടത്തിയിട്ടില്ലെന്നും, സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്നും സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്നു കൊണ്ട് പോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71(1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്ത പക്ഷം മേൽനടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചു കൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ അവസാന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ ഹോസ്ദുർഗ്ഗ് എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും ആരും തന്നെ യാതൊരു ആക്ഷേപമോ, അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

1. പിലിക്കോട് അഗ്രികൾച്ചറൽ റിസർച്ച് എംപ്ലോയീസ് സഹകരണസംഘം ക്ലിപ്തം നമ്പർ സി. 294 കേരള സഹകരണ നിയമം 71(1)-ാം വകുപ്പ് പ്രകാരം ഹോസ്ദുർഗ്ഗ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ തൃക്കരിപ്പൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

2. ലിക്വിഡേറ്റർ 72(2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റെക്കോർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, കാസറഗോഡ്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.11 02:23:47 +05:30